I/88759/2023

**"ഭരണഭാഷ മാതൃഭാഷ"**

**നമ്പർ.TCPKZD/682/2022/c1**

**തദ്ദേശ സ്വയംഭരണവകുപ്പ് പ്ലാനിംഗ്,**
**ജില്ലാ നാഗരാസൂത്രകന്റെ കാര്യാലയം,**
**An ISO 2005-9001 Certified Office,**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്,
ചക്കോരത്തുകുളം, വെസ്റ്റ്ഹിൽ (പി.ഒ),
കോഴിക്കോട്, തീയതി. **14-03-2023**
ഫോൺ:0495-236 9300,
ഇ-മെയിൽ: tpkzd.lsgdplng@kerala.gov.in

**നഗരാസൂത്രകൻ,**
കോഴിക്കോട്.
**അസി.എന്ജിനിയർ**
കോഴിക്കോട് നഗരസഭ(ബേപ്പൂർ മേഖല )

സർ,

വിഷയം:- കോഴിക്കോട് നഗരസഭ(ബേപ്പൂർ മേഖല )-പരിസ്ഥിതി ലോല മേഖലയിൽ വാസഗൃഹ നിർമ്മാണം -ശ്രീ.റഫീക്ക് എന്നവരുടെ അപേക്ഷയിൽ കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്

സൂചന:- താങ്കളുടെ 4/8/2022, 4/2/2023 എന്നീ തീയ്യതികളിലെ BZ/TP/5619A/2022 നമ്പർ കത്ത്

കോഴിക്കോട് നഗരസഭ(ബേപ്പൂർ മേഖല) -ബേപ്പൂർ വില്ലേജിൽ, ഇലക്ട്റൽ വാർഡ് 53,റീസർവേ നമ്പർ 8 -ൽ 202.4 ച .മീ സ്ഥലത്ത് 65.24 ച . മീ- ഫ്ലോർ ഏരിയയിൽ ഒരു വാസഗൃഹ നിർമ്മാണത്തിന് ശ്രീ. റഫീക്ക് എന്നവർ സമർപ്പിച്ച അപേക്ഷ 2019 ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂളിനു അനുസൃതമായതിനാൽ കോഴിക്കോട് അർബൻ ഏരിയ മാസ്റ്റർ പ്ലാൻ മേഖല നിയന്ത്രണ ചട്ടം 25(1)GENERAL NOTES 12 c പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് അനുമതി നൽകി ഇതിനാൽ അറിയിക്കുന്നു.

**നിബന്ധനകൾ**

1. കൺകറൻസ് എന്നത് നിർമ്മാണ അനുമതി അല്ല. ആയത് ചട്ടം 5 പ്രകാരം സെക്രട്ടറിയിൽ നിന്ന് നിർമ്മാണ അനുമതി നേടേണ്ടതാണ്.
2. നിർമ്മാണം കെ എം ബി ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
3. കെ എം ബി ആർ 2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും നിർമ്മാണാവകാശവും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
4. അനുമതി നൽകുന്നതിന് മുൻപ് CRZ അനുമതി ലഭ്യമായിട്ടുണ്ടെന്ന് (തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം 2011, അവയുടെ തുടർന്നുള്ള ഭേദഗതികൾ, സർക്കാർ ഉത്തരവുകൾ എന്നിവക്ക് വിധേയമാണെന്ന്) സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ബാധകമായ വ്യവസ്ഥകൾക്ക് വിധേയമാണെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

I/88759/2023

താങ്കളുടെ എഴുത്തിനോടൊപ്പം ലഭിച്ച പ്ലാനിന്റെ ഒരുകോപ്പി ഇതോടൊന്നിച്ച് തിരിച്ചയക്കുന്നു.

**വിശ്വസ്തതയോടെ,**

Signed by
Girish Kumar T K
Date: 14-03-2023 15:14:10

**നഗരാസൂത്രകൻ**
**കോഴിക്കോട്**

ഉള്ളടക്കം:-മേൽപ്പറഞ്ഞത്

പകർപ്പ്:- അപേക്ഷകന്